## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.613 24.01.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ് | | ശ്രീ.എ.സി.മൊയ്തീൻ<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സ്കൂൾ തലം മുതൽ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് കേരള കായികക്ഷമതാ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായിക ക്ഷമത മിഷൻ രൂപീകരിക്കുന്നതു സംബന്ധിച്ച നടപടികൾ നടന്നു വരുന്നു. ഇതിന്റെ പ്രാരംഭ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും, നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നഴ്സറി തലം മുതൽ നാലാം ക്ലാസ്സ് വരെയും, അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സ് വരെയും, പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും, ആരോഗ്യ ശീലങ്ങളും, ആരോഗ്യത്തെക്കുറിച്ചുള്ള പൊതു ബോധവും, ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ഈ പദ്ധതിയിൻ കീഴിൽ ലക്ഷ്യം വയ്ക്കുന്നത്. |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | ഒളിമ്പിക്സിൽ കായികതാരങ്ങൾ മെഡൽ നേടുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച ഓപ്പറേഷൻ ഒളിമ്പിയ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം ഇനങ്ങളിലാണ് പ്രത്യേക പരിശീലനം ഉറപ്പ് വരുത്തിയിട്ടുള്ളത്; | (സി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ പരിശീലനം 2018 ഏപ്രിൽ 1-ന് ആരംഭിയ്ക്കുവാനാണ് ഉദ്ദേശിയ്ക്കുന്നത്.<br>1) അത് ലറ്റിക്സ്<br>2) ബോക്സിംഗ്<br>3) സൈക്ലിംഗ്<br>4) സ്വിമ്മിംഗ്<br>5) ഷൂട്ടിംഗ്<br>6) റസ് ലിംഗ്<br>7) ബാഡ്മിന്റൺ<br>8) കനോയിംഗ് & കയാക്കിംഗ്<br>9) ഫെൻസിംഗ്<br>10) റോവിംഗ്<br>11) ആർച്ചറി<br>എന്നീ കായിക ഇനങ്ങളാണ് പ്രത്യേക പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | സ്പോർട്സുമായി ബന്ധപ്പെട്ടവരെ സ്പോർട്സ് കൗൺസിലിൽ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ നിയമിക്കുകയെന്ന മുൻസർക്കാരിന്റെ നയം സ്പോർട്സിന്റെ വികസനത്തിന് സഹായകരമായിരുന്നു എന്ന് കരുതുന്നുണ്ടോ;എങ്കിൽ അത്തരത്തിലുള്ള നിയമനങ്ങൾ സ്പോർട്സ് കൗൺസിലിന്റെ നേതൃസ്ഥാനത്ത് നടത്തുന്നകാര്യം പരിഗണിക്കുമോ? | (ഡി) | കേരള സ്പോർട്സ് ആക്ട് പ്രകാരമാണ് സ്പോർട്സ് കൗൺസിലിൽ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നത്. |

**സെക്ഷൻ ഓഫീസർ**